**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 654** **29.01.2019-ൽ മറുപടിക്ക്**

## വിനോദ സഞ്ചാരികൾക്കായുള്ള സുരക്ഷാസംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. എസ്. രാജേന്ദ്രൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. വി. ജോയി<br>ശ്രീ. ഒ.ആർ. കേളു | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും പ്രാധാന്യത്തോടെ കണക്കിലെടുത്ത് ഒട്ടേറെ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.05.2018-ൽ ചേർന്ന യോഗതീരുമാനം അനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 18.05.2018-ലെ പോലീസ് മേധാവി നൽകിയ സർക്കുലറിൽ ടി വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. പോലീസ് വകുപ്പ്, ഇതര വകുപ്പുകൾ തുടങ്ങിയവയുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് ഇവ നടപ്പിലാക്കുന്ന കാര്യങ്ങൾ പരിഗണനയിലാണ്. |
| ബി) ഇതിന്റെ ഭാഗമായി പോലീസ് വകുപ്പുമായി സഹകരിച്ചുകൊണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് | ബി) നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഭാഷാ നൈപുണ്യ |

| | |
|---|---|
| സെന്ററുകൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ, അവബോധ ക്ലാസുകൾ, ആവശ്യമായ ഇതര ട്രെയിനിംഗുകൾ എന്നിവ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖാന്തരം നൽകിയിട്ടുണ്ട്.<br>വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്ര ങ്ങളിൽ സി.സി.ടി.വി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകൾ, ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശങ്ങളെയാണ് സിസിടിവി ക്യാമറ കളുടെ നിരീക്ഷണത്തിലാക്കുന്നത്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതാത് പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ/ പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) ടൂറിസം മേഖലയിൽ അപകട സാദ്ധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് ടൂറിസ്റ്റുകൾക്ക് ബോധവത്ക്കരണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) ടൂറിസം മേഖലയിൽ അപകട സാദ്ധ്യതയുള്ള സാഹചര്യ ങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവത്ക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പു വരുത്തിയിട്ടുണ്ട്. അപകട സാദ്ധ്യത സൂചിപ്പിച്ചു കൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളി ലൂടെയും മറ്റ് വിനിമയ മാദ്ധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ |

ബോധവാന്മാരാക്കുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സി.സി.ടി.വി സംവിധാനം, നടപ്പാതകൾ, മെച്ചപ്പെട്ട പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തി വരുന്നു.

പ്രധാന ബീച്ചുകളിലെല്ലാം തന്നെ പരിശീലനം നേടിയ ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന ത്തൊട്ടാകെ ഇത്തരത്തിൽ 178 പേർ ലൈഫ് ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. ഇവരുടെ സേവനം നിർദ്ദിഷ്ട സ്ഥല ങ്ങളിൽ ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണ ങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ഡി) | വിനോദ സഞ്ചാര വ്യവസായത്തിന് പ്രതികൂലമായി ഭവിക്കുന്ന ചൂഷണം, കബളിപ്പിക്കൽ തുടങ്ങിയ അനഭിലഷണീയ പ്രവണതകൾ തടയുന്ന തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | ഡി) | ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിത വുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്യുന്നു. ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.<br>ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി അതോറിറ്റി പ്രവർത്തിക്കുന്ന താണ്. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ